The homepage of Amma
Amritapuri.org

# മനസ്സിന്റെ സംസ്കരണമാണ് മാധ്യമങ്ങളുടെ കർത്തവ്യം

ടി.വി.യും പത്രങ്ങളും ഇന്നു നമ്മുടെ ജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണല്ലോ! ഇപ്പോൾ തന്നെ എത്രയോ ടെലിവിഷൻ ചാനലുകളാണുള്ളത്. ഇനിയും മറ്റൊരു ചാനലിന്റെ ആവശ്യമുണ്ടോ എന്നു ചോദിക്കാം. എന്തെല്ലാം നീറുന്ന പ്രശ്നങ്ങളാണു നമ്മുടെ ചുറ്റും കാണുന്നത്. പട്ടിണി, തൊഴിലില്ലായ്മ, പ്രകൃതിക്ഷോഭം കൊണ്ടുള്ള ദുരിതങ്ങൾ, വർദ്ധിച്ചു വരുന്ന അക്രമങ്ങൾ, അങ്ങനെ എത്രയോ പ്രശ്നങ്ങൾ. അവയിൽനിന്നു ജനങ്ങൾക്കു എന്തെങ്കിലും ആശ്വാസം നൽകാനല്ലേ ഈ അവസരത്തിൽ നാം ശ്രമിക്കേണ്ടതു് എന്നു് ആരും ചിന്തിച്ചു പോകും.

എന്നാൽ, നമ്മൾ ഒന്നു് ഓർക്കണം, ഈ പ്രശ്നങ്ങളിൽ പലതും നമ്മുടെ തന്നെ സൃഷ്ടികളാണ്. മനുഷ്യമനസ്സിൽ നിന്നാണു് എല്ലാ പ്രശ്നങ്ങളും ആരംഭി ക്കുന്നത്. അതുകൊണ്ടുതന്നെ മനസ്സി ന്റെ സംസ്കരണമാണു നമ്മുടെ ഒന്നാമത്തെ കർത്തവ്യം. അതിനുള്ള ഉപാധികളിൽ ഒന്നായി വേണം മാധ്യമങ്ങളെ കാണാൻ.

വിനോദവും ഉല്ലാസവും തീർച്ചയായും നമുക്കാവശ്യമാണ്. ഉല്ലാസമില്ലെങ്കിൽ ജീവിതം മുരടിച്ചുപോകും. നമ്മുടെ കഴിവുകൾ ഉണരണമെങ്കിൽ ഉല്ലാസം ആവശ്യമാണ്. എന്നാൽ ഉല്ലാസത്തോടൊപ്പം സംസ്കാരം കൂടി വളർന്നില്ലെങ്കിൽ അത് അപകടത്തിലേക്കുനയിക്കും. മറിച്ച്, ഉല്ലാസവും സംസ്കാരവും ഒത്തുചേർന്നാൽ ജീവിതം യഥാർത്ഥ ഉത്സവമായിത്തീരും. സംസ്കാരമെന്നാൽ അമ്മ ഉദ്ദേശിക്കുന്നതു നന്മയാണ്, മൂല്യങ്ങളാണ്, സദാചാരങ്ങളാണ്, ധർമ്മമാണ്. സത്യവും അസത്യവും വേർതിരിച്ചു കാട്ടുക, തെറ്റും ശരിയും ചൂണ്ടിക്കാണിക്കുക എന്നതാണു മാധ്യമങ്ങളുടെ കർത്തവ്യം. ഏതെങ്കിലും ഒരു പക്ഷം പിടിച്ചു പ്രവർത്തിക്കുമ്പോൾ പാലിൽ വെള്ളം ചേർക്കുന്നതു പോലെ, സത്യത്തിൽ ഒരുപാടു മായം ചേർക്കേണ്ടി വരും.

നമ്മുടെ നാടിനും ഇവിടുത്തെ മണ്ണിനും തനതായ ഒരു ഗന്ധമുണ്ട്. ത്യാഗം, സ്നേഹം, തപസ്സ്, ആത്മീയത തുടങ്ങിയ മൂല്യങ്ങളുടെ സനാതനമായ സുഗന്ധമാണത്. അച്ഛനമ്മമാരും മക്കളും തമ്മിലുള്ള ഗാഢമായ സ്നേഹ ബന്ധം, ഗുരുജനങ്ങളോടും മുതിർന്നവരോടുമുള്ള ആദരവ്, അയൽക്കാരോടുള്ള സ്നേഹബന്ധം ഇവയൊക്കെ നമ്മുടെ സമ്പത്താണ്. അതുപോലെ, നമ്മുടെ കലകൾ പോലും ഈശ്വരനുള്ള ആരാധനയായിരുന്നു. ആ പാരമ്പര്യവും, സംസ്കാരവും അംഗീകരിച്ചു കൊണ്ടുള്ള വിനോദവും വിജ്ഞാനവുമാണു നമുക്കാവശ്യം. ആതിലൂടെ മാത്രമേ ഒരു ഉത്തമ സമൂഹത്തെ നമുക്കു സൃഷ്ടിക്കാൻ കഴിയൂ.

മനുഷ്യജീവിതത്തിലും പ്രകൃതിയിലുള്ള സൗന്ദര്യത്തെ കണ്ടെത്തുകയും ആവിഷ്കരിക്കുകയും ആണു് മാധ്യമങ്ങളുടെ പരമമായ ധർമ്മം. സത്യവും മംഗളവുമായതിനു മാത്രമേ നമ്മെ യഥാർത്ഥ സൗന്ദര്യത്തിലേക്കു നയിക്കാൻ കഴിയുകയുള്ളൂ. ജനങ്ങളുടെ പ്രിയം മാത്രമല്ല, അവരുടെ ഹിതവും നന്മയും കൂടി നാം ലക്ഷ്യമാക്കണം. സംസ്കാരത്തിൽ ഊന്നിയ വിനോദവും വിജ്ഞാനവുമാണ് നമ്മൾ ജനങ്ങൾക്കു നൽകേണ്ടത്. അതിലൂടെ മാത്രമേ സത്യവും സൗന്ദര്യവും ദർശിക്കാൻ കഴിയൂ. 'അമൃത ടി.വി'ക്കു അതിനു കഴിയട്ടെ എന്നു് അമ്മ പരമാത്മാവിൽ സമർപ്പിക്കുന്നു.

ॐ നമഃ ശിവായ

( Amma's pre-recorded message aired during the launch of AmritaTV on 14 April 2005, Thiruvananthapuram, Kerala. )